പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3356 14.10.2011-ൽ മറുപടിക്ക്

## വിവിധ ക്ഷേമ പെൻഷനുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ ; | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകളിൽ ലഭിക്കുന്ന വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ പാസാക്കുന്നതിന് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം വേഗത്തിലാക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 25.6.2002ലെ ജി. ഒ.(പി)105/2002/തസ്വഭവ നമ്പർ ഉത്തരവിൽ നൽകിയിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ പത്ത് ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്/നഗരസഭാ സമിതികളിൽ വച്ച് പെൻഷൻ അനുവദിക്കാനുള്ള സമയപരിധി 30 ദിവസത്തിൽ നിന്ന് കുറയ്ക്കാനാവില്ലെന്നും, പെൻഷൻ പരമാവധി 40 ദിവസത്തിനകം അനുവദിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ പറയുന്നു. |
| ബി) ഏതെല്ലാം ക്ഷേമപെൻഷനുകൾക്കാണ് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ആവശ്യമുള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) എല്ലാ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ആവശ്യമാണ്. |

| | |
|---|---|
| സി) **അന്വേഷണ റിപ്പോർട്ട് യഥാസമയം ലഭിക്കാത്തതു കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നിർദ്ദേശമാണ് സർക്കാർ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്?** | സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം വേഗത്തിലാക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ 25.6.2002ലെ ജി.ഒ.(പി) 105/2002/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ